(സി) ഇത്തരത്തിലുള്ള യാതൊരു നടപടിയും ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

ശബരിമല മണ്ഡല ഉത്സവവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ നിയമനം

139 (2694) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമല മണ്ഡല ഉത്സവവുമായി ബന്ധപ്പെട്ട് 2014-ൽ ദേവസ്വം ബോർഡ് എത്ര താൽക്കാലിക ജീവനക്കാർ, കരാർ ജീവനക്കാർ, ദിവസവേതന ജീവനക്കാർ എന്നിവരെ നിയമിച്ചിട്ടുണ്ടെന്നും ഓരോരുത്തരുടേയും ശമ്പള നിരക്ക് എത്രയാണെന്നും നിയമന മാനദണ്ഡം എന്തായിരുന്നു എന്നും വിശദമാക്കുമോ ?

ഉത്തരം

1320 ദിവസ വേതനക്കാരേയും, 100 സെക്യൂരിറ്റി ജീവനക്കാരേയും നിയോഗിച്ചിട്ടുണ്ട്. അരവണയിൽ ഡ്യൂട്ടി നോക്കുന്ന ദിവസവേതനക്കാർക്ക് 400 രൂപ ക്രമത്തിലും മറ്റുള്ളവർക്ക് 300 രൂപ ക്രമത്തിലും സെക്യൂരിറ്റി ജീവനക്കാരിൽ സെക്യൂരിറ്റി സൂപ്പർവൈസർമാർക്ക് 500 രൂപ ക്രമത്തിലും മറ്റുള്ളവർക്ക് 400 രൂപ ക്രമത്തിലും വേതനം നൽകിവരുന്നു. പത്ര പരസ്യം നൽകി ഇന്റർവ്യൂ നടത്തി നിബന്ധനകൾക്ക് വിധേയമായിട്ടാണ് നിയമനം നടത്തുന്നത് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ക്ഷേത്ര നിയമനങ്ങളിലെ ജാതി വിവേചനം

140 (2695) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്ര നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) കൊച്ചി ദേവസ്വം ബോർഡും മലബാർ ദേവസ്വം ബോർഡും ക്ഷേത്ര നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിരിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ദേവസ്വം ബോർഡുകളിലെ കമ്മീഷണർമാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളും ശാന്തി നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് തിരുത്തുന്നതിനാവശ്യമായ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങളിൽ ജാതി വിവേചനം ഇല്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നത് ക്ഷേത്രഭരണാധികാരികളാണ്. നിയമനങ്ങളിലെ നിയമപരമായ സാധുത പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള ചുമതല മാത്രമാണ് ബോർഡ് നിർവ്വഹിച്ചുവരുന്നത്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നോട്ടിഫിക്കേഷൻ നടത്തുന്ന സമയം ജാതി പരിഗണന കൂടാതെ നിയമനങ്ങൾ നടത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഗുരുവായൂർ ദേവസ്വം ആക്ട് ആന്റ് റൂൾസ് 19. 1983-ലെ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ 8 വ്യവസ്ഥകൾ പ്രകാരം നിയമനങ്ങളിൽ എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്ക് 10 ശതമാനം സംവരണം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി&സി) കൊച്ചിൻ ദേവസ്വത്തിൽ നിലവിൽ പാലിച്ചുവന്നിരുന്ന മാനദണ്ഡങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ചാണ് നിയമനങ്ങൾ നടത്തി വന്നിരുന്നത്. ക്ഷേത്ര നിയമനങ്ങളിൽ ജാതി മാനദണ്ഡമാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് ഇതുവരെ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ശാന്തി നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിട്ടില്ല. ശാന്തി നിയമനത്തിൽ ജാതി പരിഗണിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നോട്ടിഫിക്കേഷൻ നടത്തുന്ന സമയം ജാതി പരിഗണന കൂടാതെ നിയമനങ്ങൾ നടത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ മേൽശാന്തി, കീഴ്ശേടം ക്ഷേത്രങ്ങളിലെ ശാന്തിക്കാർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണ സമിതി അതാത് സമയത്ത് നിശ്ചയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യോഗ്യതകളെയാണ് പരിഗണിച്ചുവരുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെയും കീഴേടം ക്ഷേത്രങ്ങളിലെയും ആചാരാനുഷ്ഠാനങ്ങളും, കീഴ്വഴക്കങ്ങളും ഈ നിയമന കാര്യങ്ങളിൽ ഗുരുവായൂർ ദേവസ്വം ഭരണ സമിതി പരിഗണിച്ചുവരുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലെ കീഴ്ശാന്തിക്കാരെ നിശ്ചയിക്കുന്നത് പാരമ്പര്യ അവകാശ പ്രകാരമാണ്. 13 ഇല്ലങ്ങളിലെ പാരമ്പര്യ അവകാശികളെയാണ് ഗുരുവായൂർ ക്ഷേത്രത്തിൽ കീഴ് ശാന്തിമാരായി നിശ്ചയിക്കുന്നത്.

ദേവസ്വം ബോർഡുകളിലെ ജീവനക്കാർ

141 (2696) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം വകുപ്പിന് കീഴിലായി ഏതെല്ലാം ദേവസ്വം ബോർഡുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇതിൽ ഓരോ ബോർഡിനും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളുണ്ട് ;

(സി) ഈ ക്ഷേത്രങ്ങളിൽ ഓരോന്നിലും എത്ര സ്ഥിരം ജീവനക്കാരുണ്ട് ;

(ഡി) സ്ഥിരം ജീവനക്കാരിൽ എത്ര വീതം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുണ്ട് ;

(ഇ) ക്ഷേത്ര ജീവനക്കാരെ നിയമിക്കുമ്പോൾ സംവരണ തത്വം പാലിക്കപ്പെടുന്നതിന് നിർദ്ദേശങ്ങളുണ്ടോ ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്

(ബി)

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 1248 ക്ഷേത്രങ്ങൾ.

മലബാർ ദേവസ്വം ബോർഡ് - 1358 ക്ഷേത്രങ്ങൾ

കൊച്ചിൻ ദേവസ്വം ബോർഡ് - 403 ക്ഷേത്രങ്ങൾ.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരും കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരും, മലബാർ ദേവസ്വം ബോർഡിൽ 6320 ജീവനക്കാരുമുണ്ട്.